## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 378 | 27.02.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

**ചോദ്യം**

ശ്രീ.രാജു എബ്രഹാം
,, സി. കെ. ശശീന്ദ്രൻ
,, കെ. ബാബു
,, കാരാട്ട് റസാഖ് :

(എ) ഭക്ഷ്യ സുരക്ഷാ നിയമം പാസ്സാക്കിയപ്പോൾ കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ മുൻ യു. പി. എ. സർക്കാരും യു. ഡി. എഫ്. സർക്കാരും വീഴ്ച വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന് അനുവദിച്ചു വന്നിരുന്ന ഭക്ഷ്യധാന്യ വിഹിതം പുനസ്ഥാപിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതാണെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ അധിക ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ വില ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനത്തിലെത്താൻ കേരളവുമായി കൂടുതൽ ചർച്ച നടത്തുമെന്ന് കേന്ദ്രം ഉറപ്പ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും, (ബി) യും, (സി) യും. 5-7-2013 മുതൽ പ്രാബല്യത്തിൽ വന്ന ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നിലവിൽ വന്ന് 365 ദിവസത്തിനുള്ളിൽ തന്നെ സംസ്ഥാനങ്ങളിൽ നടപ്പാക്കണമെന്നാണ് ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്നത്. 2.12.2013 ലെ സ.ഉ.(കൈ) നം.53/13/ഭ.സി.സ.വ ഉത്തരവ് പ്രകാരം ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത് ഏറെ വൈകിയാണ്. തുടർന്ന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി, മാനദണ്ഡങ്ങൾ നിശ്ചയിച്ച്, പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും വിവരശേഖരണം നടത്തുകയും ചെയ്തു. ഡാറ്റാ എൻട്രിയിലെ അപാകതകൾ പരിഹരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത റാങ്കിംഗ് സോഫ്റ്റ്വെയറിലൂടെ സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ആഫീസുകളിലെയും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലേയും (ആകെ 81) മുൻഗണന/മുൻഗണനേതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക

പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ ദേശീയഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്തു നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വൈകുകയുണ്ടായി.

ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായി ക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാന ത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവി നേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രത നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യ ധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്ന തിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡമനു സരിച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുളളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ **OMSS**/ഇക്കണോമിക് നിരക്കുകളിൽ കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കുന്നതിന് തടസ്സമില്ല എന്നും അറിയിച്ചിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*